"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തസ്വഭവ-2016-17 സാമ്പത്തിക വർഷത്തെ മണ്ണാർക്കാട് നിയോജക മണ്ഡലം എം എൽ എ യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കോട്ടത്തറ വട്ടലക്കി ലിഫ്റ്റ് ഇറിഗേഷൻ എന്ന പ്രവൃത്തിക്ക് പരിഷ്കരിച്ച എസ്റ്റിമേറ്റ് പ്രകാരം പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവാകുന്നു.

**തദ്ദേശ സ്വയം ഭരണ(ഇഡബ്ല്യുബി)വകുപ്പ്**

സ.ഉ.(സാധാ) നം.970/2022/LSGD തീയതി,തിരുവനന്തപുരം, 19-04-2022

പരാമർശം:-

1. 30.03.2017 തീയതിയിലെ സ.ഉ(സാധാ).നം.1003/2017/തസ്വഭവ
2. ശ്രീ എൻ ഷംസുദീൻ എം എൽ എ സമർപ്പിച്ച 28.10.2021 തീയതിയിലെ കത്ത്
3. തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 10.01.2022 തീയതിയിലെ ഡിബി5/14258/21/സി ഇ/ ത.സ്വ.ഭ.വ നമ്പർ കത്ത്
4. 27/03/2022 തീയതിയിലെ സ.ഉ.(സാധാ)നം.2477/2022/ധന

**ഉത്തരവ്**

മണ്ണാർക്കാട് നിയോജക മണ്ഡലം എം എൽ എ ശ്രീ എൻ ഷംസുദീൻ അവർകളുടെ 2016-17 വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കോട്ടത്തറ വട്ടലക്കി ലിഫ്റ്റ് ഇറിഗേഷൻ എന്ന പ്രവൃത്തിക്ക് പരാമർശം(1) പ്രകാരം 75 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. എന്നാൽ മേൽ പ്രവൃത്തി നിർവഹിക്കാൻ കരാറെടുത്ത കരാറുകാരൻ നിർവഹണ വേളയുടെ മദ്ധ്യേ ടി പ്രവൃത്തിയുടെ തുച്ഛമായ ഭാഗം മാത്രം ചെയ്തതിനു ശേഷം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയില്ലായെന്ന് അറിയിച്ച് പ്രവൃത്തിയുടെ നിർവ്വഹണത്തിൽ നിന്നും പിന്മാറി. തുടർന്ന് മേൽ പ്രവൃത്തിയുടെ മുൻ എസ്റ്റിമേറ്റ് പരിഷ്കരിക്കുകയും , ഭരണാനുമതി തുകയിൽ അധികരിക്കാതെ തയ്യാറാക്കിയ പരിഷ്കരിച്ച എസ്റ്റിമേറ്റ്, കംപാരിറ്റീവ് സ്റ്റേമെന്റ്, സ്കെച്ച് , പരാമർശം (2) പ്രകാരം മണ്ണാർക്കാട് നിയോജക മണ്ഡലം എം എൽ എ ശ്രീ എൻ ഷംസുദീൻ സമർപ്പിച്ച കത്ത് ഉൾപ്പെടെ മേൽ പ്രവൃത്തിക്ക് ഭരണാനുമതി പുതുക്കി നല്കുന്നതിന് പരാമർശം (3) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ശിപാർശ സമർപ്പിച്ചിരുന്നു.

മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് പരാമർശം (4) പ്രകാരം പ്രത്യേകാനുമതി നൽകിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. 2016-17 സാമ്പത്തിക വർഷത്തെ മണ്ണാർക്കാട് നിയോജക മണ്ഡലം എം എൽ എ യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ കോട്ടത്തറ വട്ടലക്കി ലിഫ്റ്റ് ഇറിഗേഷൻ എന്ന പ്രവൃത്തിക്ക് ഭരണാനുമതി അധികരിക്കാതെ തയ്യാറാക്കിയ പരിഷ്കരിച്ച എസ്റ്റിമേറ്റ് പ്രകാരം പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
ജോയിന്റ് സെക്രട്ടറി

പകർപ്പ്

ശ്രീ എൻ ഷംസുദീൻ എം എൽ എ (ആമുഖ കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ തദ്ദേശ സ്വയം ഭരണ വകുപ്പ്

(സാധാ) നം.970/2022/LSGD

പഞ്ചായത്ത് ഡയറക്ടർ

സെക്രട്ടറി പാലക്കാട് ജില്ല പഞ്ചായത്ത്

സെക്രട്ടറി ,ഷോളയൂർ ഗ്രാമ പഞ്ചായത്ത്

ധനകാര്യ വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ, ഓഡിറ്റ്) കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് II , കേരള തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫോർമേഷൻ കേരള മിഷൻ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ